LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമനിധി പെൻഷനുകൾ

198 (2478) ശ്രീ. എളമരം കരീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ നിധി പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ പെൻഷനുകൾ എത്ര മാസങ്ങളായി കുടിശ്ശികയായിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പെൻഷനുകൾ കൃത്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കർഷകത്തൊഴിലാളി പെൻഷൻ, അസംഘടിത തൊഴിലാളി പെൻഷൻ, മരംകയറ്റത്തൊഴിലാളി പെൻഷൻ എന്നിവയാണ് തൊഴിൽ വകുപ്പ് നേരിട്ട് വിതരണം നടത്തുന്ന പെൻഷനുകൾ. 2015 ഡിസംബർ വരെയുള്ള കർഷകത്തൊഴിലാളി പെൻഷൻ പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് വിതരണത്തിനായി നിക്ഷേപിച്ചിട്ടുണ്ട്. ജനുവരി 2016-ലെ കർഷകത്തൊഴിലാളി പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. വിതരണം നടത്തുന്നതിനുള്ള നടപടിക്രമം നടന്നുവരുന്നു. 2015 മാർച്ച് വരെയുള്ള അസംഘടിത തൊഴിലാളി പെൻഷൻ ജില്ലാ ലേബർ ഓഫീസർമാർക്ക് വിതരണത്തിനായി നൽകിയിട്ടുണ്ട്. 2015 ഏപ്രിൽ മുതൽ നാളിതുവരെയുള്ള അസംഘടിത തൊഴിലാളി പെൻഷൻ കുടിശ്ശികയാണ്. 2015 സെപ്റ്റംബർ വരെയുള്ള മരംകയറ്റ തൊഴിലാളി പെൻഷൻ വിതരണം ചെയ്തിട്ടുള്ളതും അവശേഷിക്കുന്ന പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുള്ളതും വിതരണത്തിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

കേരള കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡ്, തയ്യൽ തൊഴിലാളി ക്ഷേമ നിധി ബോർഡ്, ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി, സിഗാർ തൊഴിലാളികളുടെ പെൻഷൻ, കേരള ഈറ്റ, തഴ, കാട്ടുവള്ളി തൊഴിലാളി പദ്ധതി, ബാർബർ ബ്യൂട്ടീഷൻസ് തൊഴിലാളി ക്ഷേമ പദ്ധതി, കേരള അലക്കുതൊഴിലാളി ക്ഷേമ പദ്ധതി എന്നിവയിൽ ആഗസ്റ്റ് 2015 മുതൽ പെൻഷൻ കുടിശ്ശികയാണ്. ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് സ്റ്റാറ്റേർഡ് വിഭാഗത്തിന് മാർച്ച് 2014 മുതൽ പെൻഷൻ കുടിശ്ശികയുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.